# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 479 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.റ്റി. മൂലം വാണിജ്യ നികുതി വകുപ്പിൽ വരുത്തിയ മാറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.റ്റി. നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | 01/07/2017 ൽ ജി.എസ്.ടി സമ്പ്രദായം നടപ്പിൽ വന്നതിന്റെ ഭാഗമായി വാണിജ്യനികുതി വകുപ്പിനെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. കമ്മീഷണർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥരുടെ ഔദ്യോഗിക നാമങ്ങളും പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് നിലവിലുള്ള ഉദ്യോഗസ്ഥരെ മൂന്നു വിഭാഗങ്ങളായി തിരിച്ച് വാറ്റ് അസസ്സ്മെന്റ്, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതി, ജി.എസ്.ടി നടപ്പിൽ വരുത്തൽ എന്നീ കർത്തവ്യങ്ങൾ ഏല്പിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.<br><br>ജി.എസ്.ടി നിലവിൽ വന്നതിന്റെ ഭാഗമായി ഇന്ത്യയിലൊട്ടാകെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇ-വേബിൽ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കുന്നതുവരെ ചെക്ക്പോസ്റ്റുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആയി |

| | | | |
|---|---|---|---|
| | | | നിലനിർത്തുന്നതാണ്. എന്നാൽ ഇത്തരം സെന്ററുകളിൽ മുൻപത്തെപ്പോലെ വാഹനങ്ങളിലെ ചരക്കുകളോ അവയുടെ രേഖകളോ പരിശോധനക്ക് വിധേയ മാക്കുകയില്ല. ചരക്കുകളുടെ ബില്ലിന്റെ /ഡിക്ലറേഷന്റെ പകർപ്പ് വാങ്ങിവയ്ക്കുക മാത്രമാണ് അവിടെ നടക്കുന്നത്. ഇത് രാജ്യത്തൊട്ടാകെ തടസ്സമോ കാല താമസ്സമോ കൂടാതെ സുഗമമായ ചരക്കുനീക്കം നടക്കുന്നതിന് സഹായക മായിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാറ്റങ്ങൾ കൂടുതൽ നികുതി സമാഹരിക്കുവാനും, നികുതി വെട്ടിപ്പ് തടയുവാനും സഹായകരമാകും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ജി.എസ്.ടി ഒരു സെൽഫ് പൊലീസിംഗ് സമ്പ്രദായമാണ്. വിൽക്കലും വാങ്ങലും ഓരോ ഘട്ടത്തിലും കണക്കിൽപ്പെടുത്തി യാലേ ഉല്പാദകർക്ക് / വ്യാപാരികൾക്ക് തങ്ങൾ നൽകിയ നികുതിക്കുള്ള ക്രെഡിറ്റ് ലഭ്യമാകുകയുള്ളൂ. ഇതിനാൽ മുമ്പുണ്ടാ യിരുന്ന നികുതി സമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായി കണക്കിൽപ്പെടുത്താതെ യുള്ള വ്യാപാരവും അതുവഴിയുള്ള നികുതി വെട്ടിപ്പും ഫലപ്രദമായി തടയുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**